● പഠനം

● ശഫീഖ്. സി.പി താനൂർ



# പലിശയുടെ ചരിത്രവഴി: മതങ്ങളിലും ദർശനങ്ങളിലും


ഇക്കഴിഞ്ഞ 2010 ൽ അമേരിക്കയിൽ നിന്നു പുറത്തിറങ്ങിയ ശ്രദ്ധേയമായ ഗ്രന്ഥമായിരുന്നു 'ദി ആർട്ട് ഓഫ് ഇസ്‌ലാമിക് ബാങ്കിംങ് ആന്റ് ഫിനാൻസ്'(1). അമേരിക്കയിലുടനീളം ശൃംഖലകളുള്ള *'അമേരിക്കൻ ഫിനാൻസ് ഹൗസ് ലാരിബ'*(2)യുടെ സ്ഥാപകനായ യഹ്‌യ അബ്ദുർറഹ്മാൻ രചിച്ച ഈ കൃതി പലിശ വിരുദ്ധ മുന്നേറ്റത്തിലെ ബഹുസ്വര പ്രാതിനിത്യത്തെക്കുറിച്ച് പറഞ്ഞുകൊണ്ടാണ് തുടങ്ങുന്നത്. അമേരിക്കയിലെ ആദ്യ ഇസ്‌ലാമിക് ബാങ്കിന്റെ ഉടമ എന്ന് അവകാശപ്പെടാമെന്നിരിക്കെത്തന്നെ 1946 ൽ പുറത്തിറങ്ങിയ, ക്രിസ്മസ് രാവുകളിലെ ജനപ്രിയ ചിത്രമായ It's a Wonderful Life(3) ലെ കമ്മ്യൂണിറ്റി ബാങ്കറായി വേഷമിട്ട ജോർജ് ബെയറിയെയാണ് അദ്ദേഹം 'ദി ഫസ്റ്റ് ലാരിബ ബാങ്കർ' എന്ന് വിളിക്കുന്നത്. ഹോളിവുഡ് നടനായിരുന്ന ജെമി സ്റ്റെവാർട്ട് വേഷമിട്ട ഈ രംഗത്തിൽ കടവും ദുരിതവുമായി കഴിയുന്ന ഒരു പരമ്പരാഗത ഗ്രാമ പ്രദേശത്തിന്റെ കഥയാണ് പറയുന്നത്. ഇവിടെ പലിശ രഹിത കമ്മ്യൂണിറ്റി ബാങ്കിംങിലൂടെ ആ നാടിനെ അതിന്റെ പഴയ പ്രതാപത്തിലേക്ക് തിരിച്ചുകൊണ്ടു പോകാനുള്ള ശ്രമങ്ങളിലേർപ്പെട്ട ആളായാണ് ബെയറി അവതരിപ്പിക്കപ്പെടുന്നത്.

പലിശ രഹിത ബാങ്കിംങ് സംവിധാനങ്ങളെ അറേബ്യൻ രാഷ്ട്രങ്ങളിലെ സമ്പന്നരായ മുസ്‌ലിംകളുടെ സമ്പത്ത് കൈക്കലാക്കാനുള്ള സംവിധാനം എന്ന ആരോപണത്തെ This book is for all people of all faiths എന്ന തുടക്കവാചകം കൊണ്ടാണ് യഹ്‌യ അബ്ദുർറഹ്മാൻ ഖണ്ഡിക്കുന്നത്. അമേരിക്കയിലെ 50 ഓളം സ്റ്റേറ്റുകളിൽ വേരുകളുള്ള തന്റെ ലാരിബ ബാങ്കിനെ The Manifestation of Judeo- Christian- Islamic values എന്നാണ് അദ്ദേഹം വിശേഷിപ്പിച്ചത്. RF ബാങ്കിംങ് എന്ന ചുരുക്കപ്പേരിലറിയപ്പെടുന്ന ഈ സ്ഥാപനത്തിന്റെ R ഖുർആൻ ഉപയോഗിച്ച രിബയെ പ്രതിനിധീകരിക്കുന്നതോടൊപ്പം തന്നെ ബൈബിൾ പഴയ പുസ്തകത്തിലെ രിബിത്ത് (പലിശ) എന്ന വാചകം കൂടി ഉൾക്കൊള്ളുന്നുവെന്ന് അദ്ദേഹം വിശദീകരിക്കുന്നു.

ലോകമതങ്ങളിൽ മുൻനിരയിലുള്ള എല്ലാ ദൈവിക മതങ്ങളും ശക്തമായ പലിശ വിരുദ്ധ നിലപാടുകളുമായി കടന്നുവന്നവയായിരുന്നു. സൈന്ധവ നാഗരികതയും മെസെപ്പെട്ടോമിയൻ സംസ്കാരവുമൊക്കെ തുടക്കം മുതലെ ഈ വിപത്തിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയവയായിരുന്നു. ലോക സാമ്പത്തിക പ്രത്യയശാസ്ത്രങ്ങളായികടന്നുവന്ന കമ്യൂണിസവും കാപിറ്റലിസവുമുൾക്കൊള്ളുന്ന ഇതര ദർശനങ്ങളും പലിശയുടെ വർധനവിൽ അസ്വസ്ഥത പ്രകടിപ്പിച്ചവയും അതിനെ നിരുത്സാഹപ്പെടുത്തിയവയുമായിരുന്നു.

എന്നാൽ ഇന്ന് പലിശവിരുദ്ധ സംസാരങ്ങളും നിലപാടുകളുമൊക്കെ ധാരാളമായി കേൾക്കുന്നത് ഇസ്‌ലാമിക ചേരിയിൽ നിന്നാണ്. ഭൗതിക പ്രമത്തതയിലേക്കും ധനപൂജയിലേക്കും വഴിമാറിയ ഇതര മത ദർശനങ്ങൾ





യഹ്‌യാ അബ്ദുറഹ്മാൻ　　　പ്ലാറ്റോ


പലിശയെ അനുവദനീയമാക്കാനുള്ള ഉപായങ്ങൾ തിരഞ്ഞപ്പോഴും, തങ്ങളുടെ പലിശ വിരുദ്ധ നിലപാടിനെ ശക്തിപ്പെടുത്താൻ മുസ്‌ലിംകൾ തയ്യാറായി എന്നതാവണം ഇതിന് പിന്നിലെ പ്രധാന കാരണം. അതോടൊപ്പം, പലിശ രഹിത സാമ്പത്തിക ക്രമത്തെ ഒരു ശാസ്ത്രമായി വികസിപ്പിക്കാൻ കഴിഞ്ഞു എന്നതും ഈ വിഷയത്തിലെ ഇസ്‌ലാമികാഭിമുഖ്യത്തിന് കാരണമാണ്. എന്നാൽ ഇതിനെ ഒരു ഗുണപരമായ സമീപനമായി കാണുന്നതിനു പകരം പലിശ വിരുദ്ധ ചർച്ചകളെ ചില മതചർച്ചകളാക്കി പരിമിതപ്പെടുത്തുകയും ഇസ്‌ലാമിക ശരീഅത്തിന്റെ അടിച്ചേൽപിക്കലായും സാമ്പത്തിക വീക്ഷണത്തിന്റെ അപര്യാപ്തതയായുമൊക്കെ ചിത്രീകരിക്കാനുള്ള കൊണ്ടുപിടിച്ച ശ്രമങ്ങൾ ഇന്ന് നടന്നുകൊണ്ടിരിക്കുകയാണ്.അത് കൊണ്ട് തന്നെ പലിശ രഹിത വ്യവസ്ഥയെകുറിച്ച ആലോചനകളും പലിശ രഹിത ധനകാര്യ സ്ഥാപനങ്ങൾക്കുള്ള അനുമതിയുമൊക്കെ സാമുദായിക പ്രീണനമായും രാജ്യത്തെ ഇസ്‌ലാമിക വൽകരിക്കാനുള്ള ഗൂഢതന്ത്രങ്ങളായുമാണ് വ്യാഖ്യാനിക്കപ്പെടുന്നത്.

യഥാർത്ഥത്തിൽ അരിസ്റ്റോട്ടിലിൽ നിന്നും പ്ലാറ്റോയിൽ നിന്നും തുടക്കം കുറിച്ച് മത- ഭൗതിക ദർശനങ്ങളിലൂടെ കടന്നുവന്ന് ജെ. എം കീൻസും സാമുവൽസണും മുതൽ മാർഗ്രറ്റ് കെന്നെഡിയും അമൃത്യാസെന്നു(4) മൊക്കെ ഉൾക്കൊള്ളുന്ന ആധുനിക സാമ്പത്തിക ചിന്തകന്മാർ വരെ നീളുന്നതാണ് ഇതിലെ സാമൂഹ്യ വിമർശക നിര. തദടിസ്ഥാനത്തിൽ ഒരു മതകീയ വായനക്കുപരി മതങ്ങൾ സ്വയം തന്നെ പിന്തുണക്കുന്ന സാമൂഹ്യ വിമർശനമായിരുന്നു പലിശയുടെ വിഷയത്തിൽ ഉയർന്നു വന്നത് എന്നുകാണാം. പലിശ വിമർശനത്തിലെ ഈ സാമൂഹിക സ്വത്വത്തെ മായിച്ചുകളയുവാനുള്ള ശ്രമങ്ങളാണ് അതിന്റെ നടത്തിപ്പുകാരിലൂടെ ഇന്ന് ശക്തിപ്പെട്ടുകൊണ്ടിരിക്കുന്നത്.

**പലിശയുടെ ചരിത്ര വഴി**

പലിശ എന്നുമുതലാണ് ലോകത്ത് തുടക്കം കുറിച്ചത് എന്ന് ആധികാരികമായി പറയുന്ന ചരിത്ര രേഖകളില്ല. എന്നാൽ പൂർവ്വ സമൂഹങ്ങളുടേയും നാഗരികതകളുടെയും ചരിത്രവിവരണത്തിൽ നിന്നു പലിശ ഒരു ശാപമായി നിലനിൽക്കാത്ത സമൂഹങ്ങൾ കുറവായിരുന്നു എന്ന് കാണാൻ കഴിയും. ബി.സി 4000 മുതലുള്ള പലിശയുടെ സാന്നിധ്യത്തെ കുറിച്ച് പല വേദങ്ങളുടെയും ഉള്ളടക്കങ്ങൾ പരാമർശിക്കുന്നുണ്ട്. സാധനങ്ങൾക്കു പകരം സാധനങ്ങൾ കൈമാറിയിരുന്ന പ്രാചീന കൊള്ളക്കൊടുക്കകളിൽ അവധി പറഞ്ഞ് സാധനങ്ങൾ വാങ്ങുകയും, ആ അവധിക്ക് കൊടുത്ത് വീട്ടാൻ കഴിയാതെ വരുമ്പോൾ അധികം തരാമെന്ന പരസ്പര ധാരണയിൽ മുമ്പോട്ടു പോകുന്ന ആദ്യകാല രീതിയിൽ നിന്നാണ് കൊള്ളയുടെയും ചൂഷണത്തിന്റെയും ഈ കവാടങ്ങൾ തുറക്കപ്പെട്ടത്. കണക്കും ശതമാനവുമൊന്നുമില്ലായിരുന്നുവെങ്കിലും ഇത് പലപ്പോഴും കൊള്ളപ്പലിശക്ക് കാരണമായിരുന്നുവെന്ന് ഗതകാല ചരിത്രാഖ്യാനങ്ങൾ രേഖപ്പെടുത്തുന്നു. ഇമാം അഹ്മദുബ്നു ഹമ്പലിനോട്, സംശയമില്ലാത്ത പലിശ ഏതാണെന്ന് ഒരാൾ ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: ഒരാൾക്ക് കടമുണ്ടായിരിക്കും. അവധിയാകുമ്പോൾ കടം കൊടുത്തവൻ കടബാധിതനോട് ചോദിക്കും: നീ കടം വീട്ടുന്നുവോ അതോ, അധികം നൽകുന്നുവോ?. കടം വീട്ടുന്നില്ലെങ്കിൽ നീട്ടിക്കൊടുക്കുന്ന അവധിക്കനുസരിച്ച് കൊടുക്കാനുള്ള വസ്തുവിൽ വർധിപ്പിച്ച് കൊടുക്കുക എന്നതായിരുന്നു അന്നത്തെ നടപ്പുരീതി. നബി തിരുമേനി (സ) തന്റെ പ്രബോധനപ്രവർത്തനവുമായി അറേബ്യയിൽ ആഗതനായ സമയത്ത് ഈ പലിശ അവിടങ്ങളിൽ വളരെ വ്യാപകമായിരുന്നു. 'രിബൽ ജാഹിലിയ്യഃ' (ജാഹിലിയ്യാ കാലത്തെ പലിശ) എന്ന പേരിൽ ഇസ്‌ലാമിക പ്രമാണങ്ങൾ വിശേഷിപ്പിക്കുന്നത് ഇതിനെയാണ്. ചെറിയ ചെറിയ വ്യത്യാസങ്ങളോടെയായിരുന്നുവെങ്കിലും ഇത് ഏറക്കുറെ എല്ലാ പ്രാചീന സമൂഹങ്ങളിലും നിലനിന്നിരുന്നു.

പലിശയുടെ കടന്നു വരവുമായി ബന്ധപ്പെട്ട മറ്റൊരു പരാമർശം പ്രാചീന കാലത്തെ പണം സൂക്ഷിപ്പുകാരായ കൊല്ലപ്പണിക്കാരെ കുറിച്ചാണ്. തങ്ങളുടെ പണം സുരക്ഷിതമായി സൂക്ഷിക്കാൻ പഴയകാലത്ത് ആളുകൾ ആശ്രയിച്ചത് കൊല്ലപ്പണിക്കാരെയും ക്ഷേത്രഭണ്ഡാരങ്ങളെയുമായിരുന്നു. ഇങ്ങനെ ശേഖരിച്ച് വെക്കുന്ന കാശ് വലിയൊരു സംഖ്യയായി കാണപ്പെട്ട സമയത്ത് ഇതിനെ എങ്ങനെ ലാഭകരമായി ഉപയോഗപ്പെടുത്താമെന്ന ആലോചനയിൽ നിന്നാണ് പണം ആളുകൾക്ക് കടം കൊടുത്ത് അതിൽനിന്നും ലാഭമുണ്ടാക്കാമെന്ന നിലപാടിലേക്ക് അവർ എത്തിച്ചേർന്നത്. ആളുകളെല്ലാവരും ഒരുമിച്ച് പണം തിരിച്ചെടുക്കില്ലെന്ന അനുഭവ പരിചയമാണ് ഈ കച്ചവടത്തിന് ആത്മ വിശ്വാസം പകർന്നത്. ഇന്നും ബാങ്കിംഗ്



മേഖലകൾ നിലനിൽക്കുന്നത് ഈ വിശ്വാസത്തിന്റെ ബലത്തിലാണ്.

**ഗ്രീക്ക് റോമൻ നാഗരികതകളിൽ**

സാമ്പത്തിക ക്രമം അതിന്റെ സാങ്കേതികതകളിലും സംവിധാനങ്ങളിലും വികാസം പ്രാപിച്ചുകൊണ്ടിരുന്ന സമയത്താണ് ഗ്രീക്ക് നാഗരികത(6) ഉയിർകൊള്ളുന്നത്. നവോത്ഥാന കാലഘട്ടം എന്ന് വിശേഷിപ്പിക്കപ്പെട്ട ഈ ഘട്ടം സാമൂഹിക പ്രേമികളായ തത്വചിന്തകരുടെ സാന്നിധ്യം കൊണ്ട് അനുഗൃഹീതമായിരുന്നു. അതുകൊണ്ട് തന്നെ പ്രാചീന ഗ്രീക്ക് സമൂഹം പലിശയുടെ കെടുതികളിൽ നിന്ന് മോചിതരായിരുന്നു. ഏഥൻസ്ലോ തയ്യാറാക്കിയ സോലോൺ പലിശക്ക് നിയപരമായി ത്തന്നെ വിലക്കേർപ്പെടുത്തി. ആ കാലഘട്ടത്തിലെ വിശ്വപ്രസിദ്ധ ചിന്തകരായ പ്ലാറ്റോയും അരിസ്റ്റോട്ടിലും വളരെ കർശനമായ നിലപാടുകളാണ് പലിശയുടെ നേരെ സ്വീകരിച്ചത്.

അരിസ്റ്റോട്ടിൽ പറഞ്ഞു: "പണം പണത്തെ പ്രസവിക്കുകയില്ല". പണത്തിന്റെ പ്രഥമവും പ്രധാനവുമായ ഉപയോഗം കൊള്ളക്കൊടുക്കകളിൽ എളുപ്പം സൃഷ്ടിക്കലും ജനങ്ങളുടെ ആവശ്യം പൂർത്തികരിക്കലുമാണ്. പലിശയിലൂടെയുള്ള സമ്പാദ്യം പ്രകൃതി വിരുദ്ധമാണ്. കാരണം, അതിൽ മനുഷ്യന്റെ അധ്വാനത്തിനോ പ്രയത്നത്തിനോ സ്ഥാനമില്ല. തന്റെ വാദത്തെ വിശദീകരിച്ചുകൊണ്ട് കച്ചവടത്തിലൂടെയുള്ള ധനസമ്പാദനത്തിന്റെ മൂന്ന് രീതികൾ അദ്ദേഹം വിശദീകരിച്ചു.

* സാധാരണ ഇടപാടുകൾ- അവശ്യവസ്തുക്കൾ പരസ്പരം കൈമാറുന്ന ബാർട്ടർ രീതി. ഉദാ: ഭക്ഷണത്തിനു പകരം വസ്ത്രവും തിരിച്ചുമൊക്കെ കൈമാറുക. (നാണയങ്ങളും, മറ്റുവിലനിർണയ മാനദണ്ഡങ്ങളും വരുന്നതിനു മുമ്പുള്ള രീതി).

* ഒരാവശ്യം പണം കൊടുത്തു പൂർത്തീകരിക്കുക- ഉദാ: ഭക്ഷണവും വസ്ത്രവുമൊക്കെ പണത്തിനു പകരമായി നൽകുന്ന നാഗരിക മനുഷ്യൻ പരിചയിച്ച രീതി.

* പ്രകൃതി വിരുദ്ധമായ രീതി- പണത്തെ സ്വയമൊരു കച്ചവടച്ചരക്കായിക്കാണുകയും ലാഭത്തോടെ വിൽപന നടത്തുകയും ചെയ്യുന്ന, ആർത്തിയിൽ നിന്നും ചൂഷണമനോഭാവത്തിൽ നിന്നും ഉടലെടുത്ത പലിശയുടെ രീതി.

അരിസ്റ്റോട്ടിലിന്റെ ശിഷ്യനായ പ്ലാറ്റോയും പലിശയെ നിശിതമായി വിമർശിക്കുന്നുണ്ട്. തന്റെ *ദി ലോ* എന്ന പുസ്തകത്തിൽ അദ്ദേഹം പറഞ്ഞു: പലിശക്ക് കടം കൊടുക്കുന്നത് ഒരാൾക്കും ഭൂഷണമല്ല.

റോമിന്റെ പ്രതാപകാലം അധിക നാൾ നീണ്ടുനിന്നില്ല. കച്ചവടത്തിലും കൃഷിയിലുമൊക്കെ ഏർപ്പെടുന്നവരുടെ താൽക്കാലിക സാമ്പത്തികാവശ്യങ്ങളെ നിവർത്തിക്കാനുള്ള ഒരുമാർഗം എന്ന നിലയിൽ അതു വീണ്ടും ആനയിക്കപ്പെട്ടു. ഈ കാലയളവിൽ 4-12 ശതമാനം വരെയായിരുന്നു ശരാശരി പലിശ. ചിലപ്രത്യേക സാഹചര്യങ്ങളിൽ ഇത് പന്ത്രണ്ടിന്റെ ഗുണിതങ്ങളായും (12-24-48......) ഉയരാറുണ്ടായിരുന്നുവെന്ന് ചരിത്രകാരനായ ഹെറോഡോട്ടസ്(7) രേഖപ്പെടുത്തിയിട്ടുണ്ട്.

മെസപ്പെട്ടോമിയ, ഫീനീഷ്യ, ഈജിപ്ത് തുടങ്ങിയ ദേശക്കാർ ആദ്യകാലം മുതലേ പലിശ ഇടപാടുകളിൽ ഏർപ്പെട്ടവരായിരുന്നു. എന്നാൽ ഇവിടങ്ങളിൽ ഭരണകൂട നിയന്ത്രിതമായ പലിശയാണ് നിലനിന്നിരുന്നത്.(8)

**മത നിയമങ്ങളും പലിശയും**

ഒരു സാമൂഹിക വിമർശന ശാസ്ത്രമായി തുടക്കം കുറിച്ച പലിശ വിരുദ്ധ സംരംഭങ്ങൾക്ക് ദാർശനികാടിത്തറയും വ്യക്തതയും പകർന്നത് മത നിയമങ്ങളും ആത്മീയ പുരുഷന്മാരുമായിരുന്നു. ജൂത-ക്രൈസ്തവ- ഇസ്‌ലാം മതങ്ങൾ, ബുദ്ധ- ഹൈന്ദവ സംസ്കാരങ്ങൾ തുടങ്ങി സ്വന്തമായി നിയമ പുസ്തകങ്ങളും വേദങ്ങളുമുള്ള മതങ്ങളൊക്കെ പലിശക്കെതിരെ ശക്തമായ നിലപാടുകൾ കൈകൊണ്ടവയായിരുന്നു. എന്നാൽ കാലക്രമത്തിൽ തങ്ങളുടെ താൽപര്യങ്ങൾക്കു വേണ്ടി തങ്ങൾ തന്നെ സൃഷ്ടിക്കുന്ന പ്രമാണങ്ങളായി മത ഗ്രന്ഥങ്ങൾ മാറ്റപ്പെട്ടതോടെ ആ നിലപാടുകളിൽ വലിയ തോതിലുള്ള വ്യതിയാനങ്ങൾ സംഭവിച്ചുവെന്ന് മാത്രം. ഇസ്‌ലാംമത പ്രമാണങ്ങൾ മാത്രമാണ് ഈ പതനത്തിൽ നിന്ന് മുക്തമായത്.

> പലിശ വിരുദ്ധ ചർച്ചകളെ ചില മതചർച്ചകളാക്കി പരിമിതപ്പെടുത്തുകയും ഇസ്‌ലാമിക ശരീഅത്തിന്റെ അടിച്ചേൽപിക്കലായും സാമ്പത്തിക വീക്ഷണത്തിന്റെ അപര്യാപ്തതയായുമൊക്കെ ചിത്രീകരിക്കാനുള്ള കൊണ്ടുപിടിച്ച ശ്രമങ്ങൾ ഇന്ന് നടന്നുകൊണ്ടിരിക്കുകയാണ്.അത് കൊണ്ട് തന്നെ പലിശ രഹിത വ്യവസ്ഥയെകുറിച്ച ആലോചനകളും പലിശ രഹിത ധനകാര്യ സ്ഥാപനങ്ങൾക്കുള്ള അനുമതിയുമൊക്കെ സാമുദായിക പ്രീണനമായും രാജ്യത്തെ ഇസ്‌ലാമിക വൽകരിക്കാനുള്ള ഗൂഢതന്ത്രങ്ങളായുമാണ് വ്യാഖ്യാനിക്കപ്പെടുന്നത്.

**ക്രിസ്തുമതത്തിൽ**

ദൈവിക ദർശനങ്ങളിൽ പ്രമുഖ സ്ഥാനത്തുനിൽക്കുന്ന ക്രിസ്ത്യാനിറ്റിയുടെ പലിശയോടുള്ള സമീപനത്തെ അതിന്റെ നിലവിലെ അവസ്ഥകളെ മുൻനിർത്തി മനസ്സിലാക്കുന്നത് വലിയ അപരാധമായിരിക്കും. മതപരമായ അടിത്തറയിൽ നിന്നുകൊണ്ടുതന്നെയാണ് ക്രി

സ്തീയ മത ഗ്രന്ഥങ്ങൾ പലിശ നിരോധത്തെ പരിചയപ്പെടുത്തുന്നത്. പലിശ ഭുജിക്കുന്ന ആളുകളോട് ഒരു പാതിരി നടത്തുന്ന പ്രസംഗം *നാഗരികതയുടെ കഥ* എന്ന കൃതി ഉദ്ധരിക്കുന്നു: ദൈവം മൊത്തം ജനങ്ങളുടെ നിലനിൽപിന്റെ ആധാരമായി നിർണ്ണയിച്ച സമ്പത്തിനെ കൈയ്യടക്കിവെച്ചതിലൂടെ നിങ്ങൾ ചെയ്യുന്ന തെറ്റിന്റെ ഗൗരവത്തെ കുറിച്ച് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? നിശ്ചയം, വിശന്നുപൊരിയുന്ന കുറേ ആളുകളുടെ റൊട്ടികളാണ് നിങ്ങൾ തടഞ്ഞുവെച്ചിരിക്കുന്നത്,വിവസ്ത്രരായി നടക്കേണ്ടിവന്നവരുടെ വസ്ത്രങ്ങളാണ് നിങ്ങൾ സൂക്ഷിച്ചുവെച്ചിരിക്കുന്നത്, ദാരിദ്ര്യത്തിൽ നിന്ന് കരകയറാൻ ആഗ്രഹിക്കുന്നവരുടെ സ്വപ്നങ്ങൾക്കാണ് നിങ്ങൾ വിലങ്ങണിയിച്ചിരിക്കുന്നത്.( വിൽഡ്യൂറന്റ് - ഖിസ്സത്തുൽ ഹദാറഃ 105/14)


ഇഞ്ചീൽ (പുതിയ നിയമം) പറയുന്നു: പലിശ തിന്നുന്നവൻ മരണപ്പെട്ടാൽ ശവസംസ്കാരംപോലും അർഹിക്കുന്നില്ല.

മധ്യകാലഘട്ടത്തിൽ ക്രിസ്തീയ സഭകൾ പലിശക്കും അതിന്റെ വക്താക്കൾക്കുമെതിരെ യുദ്ധം പ്രഖ്യാപിച്ചു. കടത്തിലെ മൂലധനത്തിനു മുകളിലുള്ള ഏത് വർദ്ധനവും പലിശയായാണ് അവർ കണക്കാക്കിയിരുന്നത്.

രണ്ടാം വിയന്നാ കൗൺസിൽ പലിശയെ പൂർണ്ണമായും വിലക്കുകയും പലിശയോട് രാജിയാവുന്ന രൂപത്തിൽ ആരെങ്കിലും നിയമ നിർമാണം നടത്തിയാൽ അവൻ ദൈവ നിഷേധി (Heretical)യായിത്തീരുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തു.

എന്നാൽ ഈ നിരോധങ്ങളൊക്കെ നിലനിൽക്കെത്തന്നെ ജനങ്ങൾ പലിശ ഇടപാടുകളിൽ വ്യാപൃതരാവാൻ തുടങ്ങി. തന്മൂലം വ്യത്യസ്ത കാലങ്ങളിൽ ചേർന്ന ക്രിസ്തീയ സഭകളും സമിതികളും ഈ നിരോധങ്ങളെ സ്ഥിരപ്പെടുത്തുന്ന പ്രമേയങ്ങളും പ്രസ്താവനകളും തുടർന്നു കൊണ്ടിരുന്നു. എ. ഡി 325 ൽ നിഖയ കൗൺസിലും 538 ൽ ഊർലിയൻ വിഭാഗവും 626ൽ മാസൂൻ ആന്റ് ക്ലാഗ് വിഭാഗവും വിശ്വാസികളോട് ലാഭം മോഹിച്ച് കടം നൽകുന്നതിനെ പൂർണ്ണമായും നിരോധിച്ചുകൊണ്ട് നിർദേശങ്ങൾ നൽകി. എ.ഡി 9-ാം നൂറ്റാണ്ടായപ്പോഴേക്കും ഈ നിരോധം വിശ്വാസികളല്ലാത്തവർക്കും ബാധകമാക്കി. 12-ാം നൂറ്റാണ്ടോടെ തിരിച്ചു വരവ് നടത്തിയ റോമൻ നിയമ സംഹിത പലിശക്കെതിരെയുള്ള ഈ പ്രതിരോധത്തിന് കൂടുതൽ ശക്തി പകർന്നു. 1179 ൽ നടന്ന മൂന്നാം ലാറ്ററിൻ സമ്മേളനത്തിൽ നിരോധം വീണ്ടും പുതുക്കിക്കൊണ്ട് അവതരിപ്പിച്ച പ്രമേയം ഇപ്രകാരമായിരുന്നു: 'പരസ്യമായി പലിശ ഇടപാടുനടത്തുന്നവർ അന്ത്യ അത്താഴത്തിലേക്ക് ക്ഷണിക്കപ്പെടരുത്. അവർ മരണപ്പെട്ടാൽ ഈ പാപഭാരത്തോടെയായിരിക്കും ദൈവത്തെ കണ്ടുമുട്ടുക. അതുകൊണ്ട് തന്നെ അവരെ ക്രിസ്തീയ ചടങ്ങുകളനുസരിച്ച് മറമാടരുത്. ഒരു ബുദ്ധിമാനും അവരുടെ ദാനങ്ങൾ സ്വീകരിക്കുകയും അരുത്'.

പലിശക്കെതിരെ ക്രിസ്തുമതവിശ്വാസികൾ പുലർത്തിയ നിലപാടുകൾ അധികകാലം നിലനിന്നില്ല. ഭൗതികപ്രമത്തതയിലേക്കു വഴിമാറിയ അവർ പലിശ ഭുജിക്കാൻ കഴിയുന്ന പിൻവാതിൽ തന്ത്രങ്ങളെ കുറിച്ച് ആലോചിച്ചു. അങ്ങനെ പലിശക്ക് കടം വാങ്ങുന്ന വ്യക്തി തന്റെ ഭൂമി, കടം തരുന്നവന് കുറഞ്ഞ വിലക്ക് നൽകുക, കടം വാങ്ങുന്നവന്റെ ഭൂമിയുടെ ആദായങ്ങൾ കടം നൽകുന്നവന് കൈമാറുക തുടങ്ങിയ ഉപാധികളിലേക്ക് കടമിടപാടുകൾ മാറി. അതിൽ നിന്നു അല്പം കൂടി വ്യത്യസ്തമായി, കടം വാങ്ങുന്നവൻ തന്റെ ഭൂമിയിലെ ആദായങ്ങൾ കടം നൽകുന്നവന് വിൽക്കാമെന്ന കരാറിലേർപ്പെടുന്നു. ഇവിടെ വസ്തുവിന് 100 രൂപയാണ് വിലയെങ്കിൽ 90 രൂപയേ കടം നൽകുന്നവൻ നൽകേണ്ടതുണ്ടായിരുന്നുള്ളൂ.




അരിസ്റ്റോട്ടിൽ | വസിശ്ഠ മഹർശി

ഈ രീതി മെല്ലെ മെല്ലെ വ്യാപിക്കാൻ തുടങ്ങുകയും മത പുരോഹിതരുൾപ്പെടെ ധാരാളമാളുകൾ ഇതുവഴി സമ്പാദിക്കാൻ തുടങ്ങുകയും ചെയ്തു. ഈ പശ്ചാത്തലത്തിലാണ് 1163 ൽ, അന്നത്തെ പോപ്പായിരുന്ന കസൻഡർ മൂന്നാമൻ വളരെ കർശനമായി ഈ രീതിയെ എതിർത്തുകൊണ്ടുള്ള പ്രസ്താവന നടത്തിയത്. എന്നാൽ ഈ പ്രസ്താവനകളൊന്നും അവരെ പിന്തിരിപ്പിച്ചില്ല എന്ന് മാത്രമല്ല 60 ശതമാനം വരെ പലിശ സ്വീകരിക്കുന്ന അവസ്ഥയിലേക്ക് കാര്യങ്ങൾ നീങ്ങുകയും ചെയ്തു. ഈ സമയത്താണ് ഇന്നസെന്റ് മൂന്നാമൻ എന്ന പുരോഹിതൻ നിസ്സംഗതയോടെ പറഞ്ഞത്:പള്ളി നിയമമനുസരിച്ച് പലിശ വാങ്ങുന്നവരെ പള്ളിയിൽ നിന്നു പുറത്താക്കാൻ തുടങ്ങിയാൽ എല്ലാ ചർച്ചുകളും അടച്ചുപൂട്ടേണ്ടിവരും'.

**ജൂതർക്കിടയിൽ**

ലോകത്തെ ഏറ്റവും വലിയ ബാങ്ക് ന്യൂയോർക്ക് സിറ്റി ആസ്ഥാനമായി പ്രവർത്തിക്കുന്ന സിറ്റി ബാങ്കാണ്. ജൂതന്മാരാണ് ഈ സംരംഭത്തിന് പിറകിൽ. ലോക ജനസംഖ്യയിൽ തുലോം തുച്ഛമായ(ആകെ 16 മില്യൺ)ജൂതരാണ് ലോകത്തെ മൊത്തം ബാങ്കിംഗ് ശൃംഖലയിൽ പകുതിയിലധികവും നിയന്ത്രിച്ച് കൊണ്ടിരിക്കുന്നത്. യുനൈറ്റഡ് സ്റ്റേറ്റ്സിലെ സെക്യൂരിറ്റിസ് ആന്റ് മണിമാർക്കറ്റ് രംഗത്തെ പരമോന്നത ബോഡിയായ ഫെഡറൽ റിസർവിലെ പ്രധാന സ്ഥാനങ്ങളിലെല്ലാം ജൂതൻമാരാണ്.

ലോക പോലിസ് ചമഞ്ഞ് നായകനാകുമ്പോഴും ഇസ്റാഈലിന്റെ ഇംഗിതത്തിന് അപ്പുറം എന്തെങ്കിലും പറയാൻ അമേരിക്കയുടെ നാവ് പൊങ്ങാത്തതിന്റെ കാരണവും മറ്റൊന്നല്ല. ലോകത്തെ ഭൂരിഭാഗം ബാങ്കുകളുടെയും ഉടമസ്ഥത ജൂതർക്കാണെന്ന് പറയുന്നതിലെ സ്വാഭാവിക പൊരുൾ ലോകത്ത് ഏറ്റവും കൂടുതൽ പലിശ ഭുജിക്കുന്നവർ അവരാണ് എന്നതാണ്,

ജൂതന്മാരുടെ പലിശ ഭോജനത്തിന് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. വിശ്വ സാഹിത്യത്തിലെ അനശ്വര സൃഷ്ടിയായ 'മർച്ചന്റ് ഓഫ് വെനീസ്' അതിന്റെ സാക്ഷ്യമാണ്. ആ നാടകത്തിലെ കഥാതന്തുക്കൾ ജൂതരുടെ പലിശക്കൊതിയുടെ ആഴം വരച്ചുകാണിക്കുന്നുണ്ട്. റാബ്ബ് എന്ന് പേരുള്ള ജൂത പുരോഹിതൻ പറയുന്നു: 'ഒരു ക്രിസ്ത്യാനി സാമ്പത്തിക ഞെരുക്കത്തിലാകുമ്പോൾ അവനെ നാനാവിധേനയും വരുതിയിലാക്കുക ഒരു യഹൂദിയുടെ ബാധ്യതയാണ്. അവന് നൽകുന്ന കടത്തിൽ പരമാവധി പലിശ വർധിപ്പിക്കണം. അതവന്റെ നാശത്തിന് കാരണമാകട്ടെ'.

ജൂതവേദങ്ങളിലെ രണ്ടാം പുറപ്പാട് എന്ന കൃതിയിലെ ഇരുപത്തിമൂന്നാം ഖണ്ഡത്തിൽ പറയുന്നു: 'നീ നിന്റെ സഹോദരനായ ഇസ്റായീല്യനിൽ നിന്ന് പലിശ ഈടാക്കരുത്, വെള്ളിയുടേയോ, ഭക്ഷണത്തിന്റെയൊ മറ്റേതെങ്കിലും വസ്തുവിന്റെയൊ പലിശ'.

ഈ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നത്. തൽമൂദിലെ പലിശയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ കാണുക. നിശ്ചയം മോസസ് ഖണ്ഡിതമായി പഠിപ്പിക്കുന്നു: 'നീ അപരന് പലിശക്ക് കടം കൊടുക്കുക, ഇതുവഴി നിനക്കവനെ വഞ്ചിക്കാനാകും. മ്ലേച്ഛമായ പലിശയിലൂടെ നിനക്കവനെ കീഴ്പ്പെടുത്താനും കഴിയും. എന്നാൽ നീ നിന്റെ സഹോദരനായ യഹൂദിയുമായി ഇടപാടുകൾ നടത്തുമ്പോൾ നിനക്കവനെ വഞ്ചിക്കുക അനുവദനീയമല്ല'.

തൽമൂദ് പറയുന്നു: 'യഹൂദികൾ മറ്റുസമൂഹങ്ങളേക്കാൾ ശ്രേഷ്ഠരാണ്, മനുഷ്യൻ ജന്തുക്കളിൽ ശ്രേഷ്ഠനായതു പോലെ. യഹൂദികളല്ലാത്ത മറ്റെല്ലാ ജനസമൂഹങ്ങളും നായ്ക്കളും പന്നികളുമാകുന്നു. അവരുടെ വീടുകൾ നാൽകാലികളുടെ ആലകൾ പോലെ അശുദ്ധമാകുന്നു. യഹൂദിയല്ലാത്തവരോട് കരുണകാണിക്കുക യഹൂദിക്ക് നിഷിദ്ധമാണ്. കാരണം അവൻ യഹൂദിയുടെയും ദൈവത്തിന്റെയും ശത്രുവാണ്. ഇതരനോടൊപ്പം യഹൂദി ചെയ്യുന്ന ഏതൊരു നന്മയും വൻപാപമായാണ് പരിഗണിക്കുക'.

വംശീയതയുടെയും വിദ്വേഷത്തിന്റേതുമായ ഈ ഉദ്ധരണികൾ യഹൂദവേദങ്ങളിലെ കൈകടത്തലിന്റെയും വെട്ടിത്തിരുത്തലിന്റെയും ഒന്നാംതരം ഉദാഹരണങ്ങളായി വേണം മനസ്സിലാക്കാൻ. കാരണം, യഥാർത്ഥ യഹൂദമതം പലിശയെ വർജിക്കാൻ കൽപിക്കുന്നതായിരുന്നു. ഖുർ

**മതകീയ വായനക്കുപരി മതങ്ങൾ സ്വയം തന്നെ പിന്തുണക്കുന്ന സാമൂഹ്യ വിമർശനമായിരുന്നു പലിശയുടെ വിഷയത്തിൽ ഉയർന്നു വന്നത് എന്നുകാണാം. പലിശ വിമർശനത്തിലെ ഈ സാമൂഹിക സ്വത്വത്തെ മായിച്ചുകളയാനുള്ള ശ്രമങ്ങളാണ് അതിന്റെ നടത്തിപ്പുകാരിലൂടെ ഇന്ന് ശക്തിപ്പെട്ടുകൊണ്ടിരിക്കുന്നത്. '**

പിറവി മുതലേ ജൂതർ സൂക്ഷിച്ചുപോന്ന വംശീയ പക്ഷപാതമാണ് ഈ വിധിയിലും കാണാൻ കഴിയുന്നത്. ഇതിലെ ആദ്യ പാദത്തേക്കാൾ രണ്ടാം പാദത്തെയാണ് ഒരു മതപരമായ ആഹ്വാനമായി അവർ ഏറ്റെടുത്തത് എന്നതാണ് ചരിത്രം. ജൂതനല്ലാത്തവനെ മനുഷ്യനായി ഗണിക്കാത്ത, അവന്റെ വേദനകളെയും യാതനകളെയും നോക്കി പരിഹസിക്കുന്ന ജൂത മനസ്സ് സാമ്പത്തിക മേൽക്കൈകൊണ്ട് അപരനെ ചൂഷണം ചെയ്യുക എന്നത് നേരത്തെ തയ്യാറാക്കിയ കർമ പദ്ധതിയായിരുന്നു. അതിലവർ ഒരു പരിധിവരെ വിജയിച്ചുവെന്നാണ് ആധുനിക ലോകസാമ്പത്തിക സംവിധാനങ്ങളെ വിലയിരുത്തുമ്പോൾ നമുക്ക് മനസ്സിലാക്കാൻ കഴിയുക.

ഇന്ന് നിലനിൽക്കുന്ന യഹൂദ വേദങ്ങൾ ഇതേ രൂപത്തിൽ വിദ്വേഷത്തിന്റെയും സ്വകീയ വിശുദ്ധിയുടെയും രൂപങ്ങളിലാണ്




ആൻ പറയുന്നു:

അങ്ങനെ യഹൂദമതം സ്വീകരിച്ചവരുടെ അക്രമം കാരണമായി അവർക്ക് അനുവദിക്കപ്പെട്ടിരുന്ന പല നല്ല വസ്തുക്കളും നാമവർക്ക് നിഷിദ്ധമാക്കി. അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് അവർ ജനങ്ങളെ ധാരാളമായി തടഞ്ഞതുകൊണ്ടും, പലിശ അവർക്ക് നിരോധിക്കപ്പെട്ടതായിട്ടും, അവരത് വാങ്ങിയതുകൊണ്ടും, ജനങ്ങളുടെ സ്വത്തുകൾ അവർ അന്യായമായി തിന്നതുകൊണ്ടും കൂടിയാണ്. അവരിൽ നിന്നുള്ള സത്യനിഷേധികൾക്ക് നാം വേദനയേറിയ ശിക്ഷ ഒരുക്കിവെച്ചിട്ടുണ്ട് (അന്നിസാഅ് 160-161)

പലിശയെ മൊത്തത്തിൽ വലക്കിക്കൊണ്ടുള്ള ഈ കൽപനയെ മറികടക്കാൻ അവർ കണ്ടെത്തിയ സൂത്രം മറ്റെല്ലാറ്റിലുമെന്ന പോലെ, വംശീയ മേൽക്കോയ്മാ ബോ


ധമായിരുന്നു. കേവല സാമ്പത്തിക ആധിപത്യത്തിലുപരി ഇതരമതങ്ങളോടുള്ള യുദ്ധപ്രഖ്യാപനത്തിന്റെ സ്വരത്തിൽ ഇതിനെ അവതരിപ്പിച്ചതോടെ ജൂത മതാനുയായികൾ ഇതിലേക്ക് സ്വാഭാവികമായി മാറിയെന്നുവേണം കരുതാൻ.

Thou shalt not lend upon usury to thy brother, usury of money, usury of victuals, usury of anything that is lent upon usury.......( Denteronomy 23:19)

ഇതിലെ അർത്ഥമനുസരിച്ച് ഇത് പ്രവാചക വചനങ്ങളാകാൻ സാധ്യതകാണുന്നു.എന്നാൽ രണ്ടാം പുറപ്പാടിലെ ഈ വാചകത്തിലെ to thy brother എന്ന ഭാഗത്തിന് ജൂതർ എന്നർഥം നൽകുകയും ഇതിന്റെ വിശദീകരണമായി മറ്റുള്ളവരിൽ നിന്ന് പലിശ സ്വീകരിക്കണമെന്ന കള്ളവാക്കുകൾ കെട്ടിയുണ്ടാക്കുകയും ചെയ്തുകൊണ്ടാണ് ജൂതർ നിരോധത്തിന്റെ ഈ അതിർ വരമ്പുകൾ മറികടന്നത്.

ക്രിസ്തീയ സഭകളോടുള്ള എതിർപ്പും ജൂതരുടെ ഈ പലിശ വ്യാപാരത്തിന് ആക്കം കൂട്ടിയിട്ടുണ്ട് എന്ന് ചരിത്രകാരന്മാർ നീരീക്ഷിക്കുന്നു. ആ കാലത്ത് ക്രിസ്തീയ സഭകൾ സാമ്പത്തിക ഇടപാടുകളെ നിരുത്സാഹപ്പെടുത്തുന്ന നിലപാടുകളുമായി മുന്നോട്ട് പോയിരുന്നു. അതുകൊണ്ട് ക്രിസ്ത്യൻ നിയമങ്ങൾ വിലക്കേർപ്പെടുത്തുന്ന ഒരു മേഖലയിൽ പരമാവധി സജീവരാകുക എന്ന ഈഗോ പൊളിറ്റിക്സ് ജൂതരുടെ പലിശക്കച്ചവട


സാമുവൽസൺ


ഹെറോഡോട്ടസ്

ത്തെ സ്വാധീനിച്ചിരുന്നു.

**ഹിന്ദു-ബുദ്ധ ദർശനങ്ങളിൽ**

പ്രാചീന ഭാരതത്തിലെ പലിശ ഇടപാടുകളിലേക്ക് സൂചന നൽകുന്ന പുരാണങ്ങളും വേദങ്ങളും ധാരാളമാണ്. ബി. സി 2000-1400 കാലയളവിൽ ഇവിടെ നിലനിന്ന വേദപുസ്തങ്ങളിൽ usurer (പലിശക്ക് കടം കൊടുക്കുന്നവൻ) എന്ന പരാമർശം ധാരാളമായികാണാൻ കഴിയും.കുസിദിൻ എന്നാണ് അവർക്ക് വേദങ്ങൾ പേര് വെച്ചത്. ഇതിനേക്കാൾ വിശദമായ പരാമർശം ബി. സി 700-100 കാലഘട്ടത്തിൽ പുറത്തുവന്ന സൂത്ര വേദങ്ങളിൽ കാണപ്പെടുന്നു. ഇതേ കാലയളവിൽ തന്നെ ബുദ്ധ ജാതകകളും(9) രംഗത്തുവന്നു. പിന്നീട് പലിശയിടപാടുകളെ വിലക്കുന്ന നിയമനിർമാണങ്ങൾ തന്നെ നടക്കുകയുണ്ടായി. പ്രാചീന കാലഘട്ടത്തിലെ പ്രധാന ഹിന്ദു നിയമനിർമാതാവായ വസിഷ്ഠ മഹർശി സമൂഹത്തിലെ

**ഒരു സാമൂഹിക വിമർശന ശാസ്ത്രമായി തുടക്കം കുറിച്ച പലിശ വിരുദ്ധ സംരംഭങ്ങൾക്ക് ദാർശനികാടിത്തറയും വ്യക്തതയും പകർന്നത് മത നിയമങ്ങളും ആത്മീയ പുരുഷന്മാരുമായിരുന്നു. ജൂത-ക്രൈസ്തവ- ഇസ്‌ലാം മതങ്ങൾ, ബുദ്ധ- ഹൈന്ദവ സംസ്കാരങ്ങൾ തുടങ്ങി സ്വന്തമായി നിയമ പുസ്തകങ്ങളും വേദങ്ങളുമുള്ള മതങ്ങളൊക്കെ പലിശക്കെതിരെ ശക്തമായ നിലപാടുകൾ കൈകൊണ്ടവയായിരുന്നു.**

ഉന്നത ജാതിക്കാരായ ബ്രാഹ്മണരോടും ക്ഷത്രിയരോടും പലിശക്ക് കടം കൊടുക്കുന്നതിൽ നിന്നു പിന്തിരിയാൻ ആവശ്യപ്പെട്ടു. മേൽജാതിക്കാരുടെ ഇത്തരം പലിശ ഇടപാടുകളെ ബുദ്ധജാതക്കകൾ കപടസന്യാസിമാരുടെ ഏർപ്പാട് എന്നാണ് വിശേഷിപ്പിച്ചത്. എ. ഡി രണ്ടാം നൂറ്റാണ്ടായപ്പോഴേക്ക് മറ്റു ദർശനങ്ങളെപ്പോലെ ഹിന്ദു ദർശനത്തിലും പലിശയോടുള്ള നിലപാട് ഉദാസീനമായി. അന്നത്തെ മനുസ്മൃതി പലിശയെ നിർവചിച്ചത് ആളുകൾക്ക് തിരിച്ചടക്കാൻ കഴിയാത്ത സാധാരണനിലനിൽക്കുന്ന തോതിന് മുകളിലുള്ള പലിശ എന്നാണ്.

ഹിന്ദു ദർശനത്തിലെ സാമ്പത്തിക-കുടുംബ നിയമങ്ങളുടെ സ്രോതസ്സായ കൗടില്യന്റെ അർഥ ശാസ്ത്രവും പലിശ വിരുദ്ധസമീപനങ്ങൾ സ്വീകരിക്കുന്നുണ്ട്. കടത്തിന്റെ തിരിച്ചടവ് എന്ന അധ്യായത്തിൽ ഓരോ മേഖലയിലും വാങ്ങാവുന്ന പരമാവധി പലിശയെക്കുറിച്ച് സൂചിപ്പിച്ചിരിക്കുന്നു. യാദൃച്ഛികം എന്ന് പറയട്ടെ, ഇസ്‌ലാം ഓരോ വസ്തുവിന്നും നിശ്ചയിച്ച സകാത്തിന്റെ അളവാണ് ഇവിടെ പരമാവധി പലിശയായി വെച്ചിട്ടുള്ളത്. കടം വാണിജ്യാവശ്യങ്ങൾക്കാണെങ്കിൽ ഒരു സെന്റിനു ഒരുമാസം അഞ്ച് പന(നാണയം)വരെ പലിശ ഈടാക്കിയിരുന്നു. കാർഷികാവശ്യങ്ങൾക്കാണെങ്കിൽ പത്ത് പന വരെയും സമുദ്രോൽപന്നങ്ങൾക്കുമേൽ ഇരുപത് പനവരെയും പലിശ അനുവദിക്കപ്പെട്ടിരുന്നു. ഇതിനു മുകളിൽ


ആരെങ്കിലും പലിശ ആവശ്യപ്പെടുകയാണെങ്കിൽ അവൻ ശിക്ഷിക്കപ്പെടണം എന്നതായിരുന്നു അർഥ ശാസ്ത്രം നിഷ്കർഷിക്കുന്ന വിധി. വൃദ്ധർ, കുട്ടികൾ, നിത്യരോഗികൾ തുടങ്ങിയവരുമായുള്ള സാമ്പത്തിക ഇടപാടുകളിൽ പലിശ സ്വീകരിക്കരുത് എന്നും ഈ ഗ്രന്ഥം കൽപിക്കുന്നു

**മധ്യകാല യൂറോപ്പ്**

ക്രിസ്തീയാധിപത്യത്തിന്റെ ചരിത്രം മറ്റൊരർത്ഥത്തിൽ മധ്യകാല യൂറോപ്പിന്റെ കൂടി ചരിത്രമാണ്. മതപൗരോഹിത്യം വേരൂന്നിയ ഈ കാലഘട്ടം സാമ്പത്തികാഭിവൃദ്ധിയേയും ഇടപാടുകളെയും മോശമായാണ് ആളുകൾക്കിടയിൽ പരിചയപ്പെടുത്തിയത്. ഈയൊരു സാഹചര്യത്തിന്റെ പിൻബലത്തോടുകൂടിയാണെങ്കിലും ക്രിസ്തീയ സഭകളും ഭരണാധികാരികളുമൊക്കെ പലിശക്കെതിരെ കർശന നിലപാടുകളാണ് സ്വീകരിച്ചത്. 1275-ൽ ഇംഗ്ലണ്ടിൽ എഡ്വേർഡ് ഒന്നാമൻ പലിശ നിയമവിരുദ്ധമാക്കിയതായി പ്രസ്താവിച്ചു. ഈയടിസ്ഥാനത്തിൽ, പലിശ വ്യാപാരത്തിലേർപ്പട്ടവരെ അറസ്റ്റ് ചെയ്തു. മുന്നോറോളം വരുന്ന ജൂതന്മാർ ഇക്കാരണം കൊണ്ട് തന്നെ ഇംഗ്ലണ്ടിൽ വെച്ച് തൂക്കിലേറ്റപ്പെടുകയുണ്ടായി. 1290-ഓടെ, പലിശ ഇടപാട് നടത്തിയിരുന്ന എല്ലാ ജൂതരും ലണ്ടനിൽ നിന്ന് നാടുകടത്തപ്പെട്ടു.

മധ്യകാല നൂറ്റാണ്ടിൽ പലിശക്കെതിരെ അണിനിന്നവരിൽ പ്രധാനിയായിരുന്നു സെന്റ് തോമസ് ആക്വോണി. മുദ്രിസുകൾ എന്നറിയപ്പെടുന്ന ചർച്ചിലെ ഒരു പ്രധാന വിഭാഗത്തോടൊപ്പം ചേർന്ന് അദ്ദേഹം പലിശയുടെ ഉൻമൂലനത്തിനായി പരിശ്രമിച്ചു. അരിസ്റ്റോട്ടിലിന്റേയും റോമൻ നിയമസംഹിതയുടെയും തദ്സംബന്ധമായ നിലപാടുകളെ ഉയർത്തിപ്പിടിച്ച് അദ്ദേഹം തന്റെ പ്രബോധന ദൗത്യം തുടർന്നു. റോമൻ നിയമ സംഹിതയിലെ പണത്തെ രണ്ടാക്കി വിഭജിച്ചുകൊണ്ടുള്ള പരാമർശം ഇതിൽ പ്രധാനമായിരുന്നു. അതനുസരിച്ചു, സമ്പത്ത് പ്രധാനമായും രണ്ട് തരമാണ്,ഒന്ന്: ഒരിക്കൽ മാത്രം ഉപയോഗിക്കാൻ കഴിയുന്നത്. ഉദാ: റൊട്ടി, ചോറ്

രണ്ട്: പല തവണ ഉപയോഗിക്കാൻ കഴിയുന്നത്. അഥവാ ഉപയോഗം കൊണ്ട് തീർന്നുപോകാത്തത്. ഉദാ: കെട്ടിടം, ഉപകരണങ്ങൾ രണ്ടാം ഗണത്തിൽ പെടുന്ന വസ്തുക്കൾ ഉടമസ്ഥൻ ഉപയോഗിച്ചുകൊള്ളണമെന്നില്ല. വീട്ടുടമസ്ഥനു വേണമെങ്കിൽ തന്റെ വീട് മറ്റൊരാൾക്ക് വാടകക്കു നൽകാം. എന്നാൽ ഒന്നാമതായി പറഞ്ഞ ഉൽപന്നം അത് ഉടമപ്പെടുത്താതെ ഉപയോഗ യോഗ്യമാവില്ല. കറൻസിയും നാണയങ്ങളും ഇതിന്റെ പരിധിയിലാണു വരിക. ഒരു നേരത്തെ ഉപയോഗം കൊണ്ട് തന്നെ അതു തീർന്നു പോകുന്നു. അതിനാൽ പണം ഒരാൾക്ക് വീട് വാടകക്ക് കൊടുക്കുന്ന രൂപത്തിൽ നൽകാൻ കഴിയില്ല. അതുകൊണ്ട് പലിശ കടത്തിനു മേലുള്ള വാടകയാണ് എന്ന വാദത്തിന് ഒരു പ്രസക്തിയുമില്ല. അദ്ദേഹം തുടരുന്നു: ഇനി ഒരാൾക്ക് കാലതാമസം മറയാക്കികൊണ്ടും പലിശ സ്വീകരിക്കാൻ ന്യായമില്ല. കാരണം, സമയം

തോമസ് അക്വിനാസ് അമർത്യസെൻ

ദൈവത്തിന്റെ ഉടമസ്ഥതയിലുള്ള വസ്തുവാണ്. ദൈവ ഉടമസ്ഥതയിലുള്ള ഒന്നിന് വിലപറയാൻ മനുഷ്യനെന്തധികാരം?

**കമ്മ്യൂണിസ്റ്റ് വീക്ഷണം**

നിലവിലെ ഇകണോമിക്സ് തിയറിയനുസരിച്ച് ഉൽപാദനത്തിലെ അടിസ്ഥാന ഘടകങ്ങൾ നാലാണ്. 1. ഭൂമി (Land)2. തൊഴിലാളി (Labour) 3. മൂലധനം (Capital) 4. സ്ഥാപനം/ ഉടമ (Organisation/ Enterpreuneor)

ഇതിൽ ഭൂമിക്കുമേൽ വാടകയും, തൊഴിലാളികൂലിയും, മൂലധനം പലിശയും, ഉടമ ലാഭവുമാണ് പകരമായി പ്രതീക്ഷിക്കുന്നത്. എന്നാൽ കമ്മ്യൂണിസ്റ്റ് സിദ്ധാന്തമനുസരിച്ച് മൂലധനം ഉൽപാദനത്തിലെ നിർണ്ണായക ഘടകമല്ല. മറിച്ച് ഉൽപാദനത്തിലെ ലാഭമെന്ന് വിളിക്കാവുന്ന മിച്ചമൂല്യം (Surplus Value) സൃഷ്ടിക്കുന്നത് തൊഴിലാളിയാണ് എന്ന് മാർക്സും ഏംഗൽസും വിശദീകരിക്കുന്നുണ്ട്. മാത്രമല്ല, പലിശയെ സൃഷ്ടിക്കുന്ന സ്വകാര്യ മൂലധനത്തെ -പണത്തിന്റെ സ്വകാര്യ ഉടമസ്ഥതയെ- കമ്മ്യൂണിസം അംഗീകരിക്കുന്നില്ല. ഈ അടിസ്ഥാനത്തിൽ പലിശയോടുള്ള കമ്മ്യൂണിസത്തിന്റെ നിലപാടെന്ത് എന്നത് ഏറെ കൗതുകമുള്ള അന്വേഷണമാണ്.

മൂലധനത്തോടുള്ള ഈ സമീപനമൊന്നും പലിശയോട് *മൂലധനം* പ്രകടിപ്പിക്കുന്നില്ല എന്നതാണ് സത്യം. സാധാരണപലിശയെ മൂലധനത്തിനുള്ള കൂലി എന്ന അർഥത്തിലാണ് ദാസ് കാപിറ്റൽ പരിചയപ്പെടുത്തുന്നത്. എന്നാൽ കൂട്ടു പലിശയെയും അനിയന്ത്രിത പലിശയെയും മാർക്സ് വിമർശിക്കുന്നുണ്ട്. ആളുകളെ ഉൽപാദന പ്രവർത്തനങ്ങളിൽ നിന്നു പിന്തിരിപ്പിക്കാൻ ഇത്തരം പലിശ കാരണമാകുമെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു. മാർക്സിന്റെ വാദങ്ങൾ കപടതയാണ് എന്നും, അടിസ്ഥാനപരമായി ജൂതനായ മാർക്സ് പലിശത്തീറ്റയിൽ മറ്റുജൂതന്മാരിൽ നിന്നും ഒട്ടും മോശക്കാരനായിരുന്നില്ലെന്ന ആരോപണവും നിലനിൽക്കുന്നുണ്ട്. The jewish question എന്ന പേരിൽ വിഖ്യാതമായ വിഷയത്തിൽ ജൂതരുടെ വമ്പിച്ച സാമ്പത്തിക പിന്തുണയോടെ പ്രവർത്തിച്ച മാർക്സ് കമ്മ്യൂണിസ്റ്റ് രാഷ്ട്രം എന്ന പേരിൽ ഒരു

ജൂതരാഷ്ട്രത്തിന്റെ നിർമിതിയാണ് ലക്ഷ്യം വെച്ചത് എന്ന് ചില ചരിത്രകാരന്മാർ ആരോപിക്കുന്നു. ഇതിന്റെ സത്യാവസ്ഥ പഠന വിധേയമാക്കേണ്ടതാണ്.

**മുതലാളിത്തം**

മുതലാളിത്ത സാമ്പത്തിക ക്രമം എന്ന് കേൾക്കുമ്പോൾ മനസ്സിൽ ആദ്യം ഓടി വരിക പലിശയുടെ നീരാളഭാവങ്ങളായിരിക്കും. ഉൽപാദനക്രമത്തിൽ മൂലധനത്തിൽ നിന്നു ലഭിക്കേണ്ട അവകാശമായാണ് പലിശയെ കാപിറ്റലിസം കണക്കാക്കുന്നുണ്ട്. എന്നാൽ ആധുനിക മുതലാളിത്തത്തിന്റെ ആചാര്യനും, സ്വതന്ത്ര മാർക്കറ്റ് എന്ന ആശയത്തിന്റെ വക്താവുമായ ആഡംസ്മിത്തിന്റെ പലിശയോടുള്ള നിലപാട് ഏറെ ആശ്ചര്യകരമാണ്. ലൈസേസ് ഫയർ (സ്വതന്ത്ര മാർക്കറ്റ്) എന്ന സിദ്ധാന്തത്തിനുവേണ്ടി അദ്ദേഹം ശബ്ദിച്ചത് പലിശയെ നിയന്ത്രിക്കുന്നതിനു വേണ്ടിയും, പണത്തിന്റെ വികേന്ദ്രീകരണത്തിനുവേണ്ടിയുമായിരുന്നു എന്ന് രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു(Jadlow 1977),(Levy 1987), സമ്പൂർണ്ണ പലിശ നിരോധത്തെ അദ്ദേഹം പിന്തുണക്കുന്നില്ലെങ്കിലും പലിശ നിരക്ക് നിയന്ത്രിക്കുന്ന മാനദണ്ഡങ്ങളെ അദ്ദേഹം അനുകൂലിച്ചിരുന്നു. (Smith 1937: 339) .

**പാശ്ചാത്യ തത്വചിന്തകരും പലിശയും**

അരിസ്റ്റോട്ടിൽ പ്ലാറ്റോ എന്നിവർക്കു പുറമെ പാശ്ചാത്യ തത്വചിന്തകരിൽ പലിശ വിരുദ്ധ നിലപാടു സ്വീകരിച്ചവരിൽ പ്രധാനികളായിരുന്നു സിസറോ, സെനീക്ക, രണ്ട് കാസ്റ്റോമാർ, പ്ലോടാർച്ച് തുടങ്ങിയവർ. ഇവരുടെ പ്രസ്താവനകൾ ആ കാലഘട്ടത്തിലെ സിവിൽ നിയമങ്ങളായി എഴുതപ്പെടുകയുണ്ടായി. ബി. സി 340-ൽ റോമിൽ ആരംഭിച്ച ലെക്സ് ജനൂശ്യയുടെ നവോത്ഥാന പ്രവർത്തനങ്ങൾ എല്ലാതരത്തിലുള്ള പലിശയേയും തുടക്കം മുതലേ വിലക്കിയിരുന്നു. പാശ്ചാത്യ ചിന്തകരിലെ പ്രധാനികളുടെ പലിശയോടുള്ള നിലപാടുകൾ താഴെ ചേർക്കുന്നു.

**മാർഗ്രറ്റ് കെന്നഡി**


**കമ്മ്യൂണിസ്റ്റ് സിദ്ധാന്തമനുസരിച്ച് മൂലധനം ഉൽപാദനത്തിലെ നിർണ്ണായക ഘടകമല്ല. മറിച്ച് ഉൽപാദനത്തിലെ ലാഭമെന്ന് വിളിക്കാവുന്ന മിച്ചമൂല്യം (Surplus Value) സൃഷ്ടിക്കുന്നത് തൊഴിലാളിയാണ് എന്ന് മാർക്സും ഏംഗൽസും വിശദീകരിക്കുന്നുണ്ട്. മാത്രമല്ല, പലിശയെ സൃഷ്ടിക്കുന്ന സ്വകാര്യ മൂല ധനത്തെ -പണത്തിന്റെ സ്വകാര്യ ഉടമസ്ഥതയെ- കമ്മ്യൂണിസം അംഗീകരിക്കുന്നില്ല. ഈ അടിസ്ഥാനത്തിൽ പലിശയോടുള്ള കമ്മ്യൂണിസത്തിന്റെ നിലപാടെന്ത് എന്നത് ഏറെ കൗതുകമുള്ള അന്വേഷണമാണ്.**

ജർമനിയിലെ ഹാനോൺ യൂനിവേഴ്സിറ്റി പ്രൊഫസറായ കെന്നഡിയാണ് പലിശ വിരുദ്ധനിലപാടുകളിലെ മറ്റൊരു ശ്രദ്ധേയ സാന്നിദ്ധ്യം.നമ്മുടെ സാമ്പത്തിക ഘടനയെ ബാധിച്ച അർബുദമാണ് പലിശ എന്നാണ് അവർ അഭിപ്രായപ്പെട്ടത്. പലിശയും പണപ്പെരുപ്പവുമില്ലാത്ത പുതിയൊരു കറൻസിയുടെ ആവശ്യകത അവർ ഉയർത്തുകയുണ്ടായി. നിലവിലെ ബാങ്കിംഗ് സംവിധാനത്തിൽ പണത്തിന് സർകുലേഷൻ ഫീയും നെഗറ്റീവ് ഇൻസൈറ്റ് റൈറ്റ് മെക്കാനിസവും ഈയൊരു മാറ്റത്തിനായി നടപ്പിലാക്കാൻ അവർ നിർദ്ദേശിക്കുകയുണ്ടായി.

ഏറെക്കുറെ എല്ലാകാലഘട്ടങ്ങളിലും കാണപ്പെട്ടിരുന്ന പലിശയെ ഒരുസാമൂഹിക വിപത്തായിത്തന്നെയാണ് ഭൂരിഭാഗം ആളുകളും മനസ്സിലാക്കിയത്. അത്കൊണ്ട് തന്നെ അവയുടെ നിരോധനത്തിനായി കൂട്ടായ ശ്രമങ്ങളും നിയനിർമ്മാണങ്ങളുമൊക്കെ ആ കാലഘട്ടങ്ങളിൽ വ്യാപകമായി നടന്നിരുന്നു.

**ജോൺ മെനാഡ് കീൻസ്**

ആധുനിക മുതലാളിത്ത സാമ്പത്തിക ഘടനയുടെ പ്രചാരകനായ, ഇരുപതാം നൂറ്റാണ്ടിലെ സാമ്പത്തിക പ്രതിസന്ധിയുടെ സന്തതിയെന്ന് ലോകം വിഷേശിപ്പിച്ച പ്രശസ്ത സാമ്പത്തിക ശാസ്ത്രജ്ഞൻ കീൻസ് പറയുന്നു: പലിശയെ സംബന്ധിച്ച് കുറച്ച് വിദ്യാർത്ഥികളുടെ പഠനം അവരെ എത്തിച്ചത് പലിശ നിരക്ക് കുറക്കുവാൻ ആവശ്യപ്പെട്ടുള്ള ഒരു ഫോർമുലയിലായിരുന്നു. കാരണം, മാർജിനൽ എഫിഷൻസി ഉയർന്നിരിക്കുമ്പോഴാണ് ഒരു ഇക്കോണമിയുടെ വളർച്ച നടക്കുക. പലിശ ഇതിന് വിഘാതം സൃഷ്ടിക്കുന്നു. അതുകൊണ്ട് നിയമ നടപടികളിലൂടെയും ധാർമിക സമീപനത്തിലൂടെയും പലിശയെ



ജെ.എം. കീൻസ്



മാർഗരറ്റ് കെന്നഡി

പിടിച്ചുകെട്ടാൻ ഗവൺമെന്റ് തയ്യാറാകണം(1936:353). പലിശ, സാമ്പത്തിക ഘടനയെ സജീവമാക്കുന്നു എന്ന് ആധുനിക മുതലാളിത്ത വ്യവസ്ഥിതി വിധിയെഴുതുമ്പോൾ തന്നെ പലിശ കുറയുന്ന തോതനുസരിച്ച് ഒരു ഇക്കോണമിയിലെ ഉൽപാദനം വർധിക്കുന്നു എന്ന് തെളിവുകളുദ്ധരിച്ച് കീൻസ് വ്യക്തമാക്കുന്നുണ്ട്.

**സിൽവിയോ ഗസൽ**

പലിശ വിരുദ്ധ നിലപാടുകളുമായി മുമ്പോട്ട് പോയ മറ്റൊരു പ്രധാന ഇക്ണോമിസ്റ്റാണ് സിൽവിയോ ഗസൽ. കീൻസ് അദ്ദേഹത്തെ പരിചയപ്പെടുത്തിക്കൊണ്ട് പറഞ്ഞു: ലോകത്തിന് അദ്ദേഹത്തിൽ നിന്നും മാർക്സിനേക്കാൾ പഠിക്കാനുണ്ട്. ജർമനിയിലും അർജന്റീനയിലുമൊക്കെ വലിയ ബിസിനസ് ശൃംഖലകളുണ്ടായിരുന്ന അദ്ദേഹം തന്റെ വ്യാപാരാനുഭവങ്ങളെ മുൻനിർത്തിയാണ് പലിശ വിരുദ്ധ നിലപാടിലേക്ക് വന്നത്. അദ്ദേഹം പറഞ്ഞു: ആളുകൾ തന്റെ സാധനത്തിന്റെ ഗുണനിലവാരത്തേക്കാൾ പലിശ നിരക്കിനെ അടിസ്ഥാനപ്പെടുത്തിയാണ് സാധനങ്ങൾ വാങ്ങിയിരുന്നത്. ഇത് സത്യത്തിൽ ഒരു സാമ്പത്തിക ഘടനയുടെ പരാജയമാണ് സൂചിപ്പിക്കുന്നത്.

**ഇസ്‌ലാമും പലിശ നിരോധവും**

നബി(സ)മയുടെ ആഗമനത്തിന് മുമ്പ് മക്കയിൽ നടമാടിയിരുന്ന സാമൂഹിക അരാജകത്വങ്ങളിൽ പ്രകടമായ ഒന്നായിരുന്നു പലിശ. കച്ചവട യാത്രക്കുപോകുന്ന യാത്രാ സംഘങ്ങൾക്ക് പലിശക്ക് കടം കൊടുക്കുന്നതിന് പുറമെ അടിസ്ഥാന ആവശ്യങ്ങളുടെ പൂർത്തീകരണത്തിന് കൈനീട്ടുന്നവർക്കു നേരെയും വലിയ പലിശ നിരക്കിൽ അവർ കടം നൽകിയിരുന്നു. ആഴത്തിൽ വേരൂന്നിയ ഒരു തിന്മ എന്ന നിലയിൽ ഇതിനെ ഒറ്റയടിക്ക് നീക്കം ചെയ്യുക സാധ്യമായിരുന്നില്ല. അതു കൊണ്ട് തന്നെ മറ്റു പലതിനേയും പോലെ ഘട്ടം ഘട്ടമായ നിരോധനമാണ് (തദ്‌രീജ്) പലിശയുടെ വിഷയത്തിലും ഇസ്‌ലാം സ്വീകരിച്ചത്.

തിരുമേനിയുടെ മക്കാജീവിത കാലയളവിൽ തന്നെ ഖുർആൻ പലിശക്ക് പിന്നിലെ അർഥ ശൂന്യതയെ കുറിച്ച് ആ സമൂഹത്തെ ഉണർത്തിയിട്ടുണ്ട്. സൂറ: അർറൂം-39

ഇസ്‌ലാമിക സമൂഹമാകട്ടെ, അല്ലാതിരിക്കട്ടെ പലിശക്കെതിരെ ശബ്ദിക്കുന്നതിൽ നിന്നു വിട്ടുനിൽക്കാൻ ഒരു സാഹചര്യത്തിലും വിശ്വാസിക്ക് ന്യായമില്ലെന്ന് ഇതിനെ വിശദീകരിച്ച് കൊണ്ട് മുഹമ്മദ് അബൂ സഹ്റ അഭിപ്രായപ്പെടുന്നു.

ഇതിന് ശേഷം സൂറ: നിസാഇലൂടെ(4/81) ബനൂ ഇസ്‌റാഈൽ സമൂഹത്തിന്റെ പലിശയോടുള്ള നിലപാടിനെ ഖുർആൻ വിമർശിക്കുന്നുണ്ട്. പൂർവ്വ ജനതകളും പലിശ നിരോധനത്തിന് കൽപിക്കപ്പെട്ടവരായിരുന്നു എന്ന പൊതു ധാരണ സൃഷ്ടിക്കുകയാണ് ഇതിലൂടെ ഖുർആൻ ചെയ്യുന്നത്. തുടർന്ന് സൂറ: അൽബഖറയിലൂടെ പലിശയെ സമ്പൂർണമായി നിരോധിച്ചു കൊണ്ടുള്ള



പ്രഖ്യാപനവും ഖുർആൻ നടത്തുന്നു. (2/275-279)

യാതൊരു പഴുതുകൾക്കും ഇടം നൽകാതെയാണ് ഇസ്‌ലാം പലിശനിരോധത്തെക്കുറിച്ച് സംസാരിച്ചത്. കടത്തിനു പുറമെ കച്ചവട വിഷയങ്ങളിൽ കടന്നു വരാവുന്ന വഞ്ചനാ പരമായ സമീപനങ്ങളെ (രിബൽബുയൂഅ്) കൂടി തിരുമേനി (സ) തന്റെ ഹദീസുകളിലൂടെ വിലക്കി.(10) 'രിബൽബുയൂഇ'ന്റെ നിരോധനത്തിന് പിന്നിലെ താൽപര്യം യഥാർഥ പലിശയിലേക്കുള്ള എല്ലാ കവാടങ്ങളെയും അടക്കുക (സദ്ദുദരീഅഃ)(11) യാണെന്ന് ഇബ്നുൽ ഖയ്യിം 'ഇഅ്ലാമുൽ മുവഖ്ഖിഈനി'ൽ അഭിപ്രായപ്പെടുന്നു.

പലിശയുമായി ബന്ധപ്പെട്ട ഏത് ഇടപാടുകളും വലിയ കുറ്റമായാണ് ഇസ്‌ലാം നോക്കിക്കാണുന്നത്. റസൂൽ (സ) പറഞ്ഞു: പലിശ വാങ്ങുന്നവനെയും, കൊടുക്കുന്നവനെയും, അതിന്റെ എഴുത്തുകാരെയും, സാക്ഷികളെയും അല്ലാഹു ശപിച്ചിരിക്കുന്നു. (12). പലിശയിൽ നിന്നുള്ള ഏറ്റവും ചെറിയ ലാഭം ഭുജിച്ചവൻ തന്റെ മാതാവിനെ വ്യഭിചരിച്ചവനെപ്പോലെ മ്ലേച്ചനാണെന്ന് നബി(സ) പഠിപ്പിച്ചു.(13)

ഖുർആൻ തീക്ഷ്ണമായ പദപ്രയോഗത്തിലൂടെ മുന്നറിയിപ്പുനൽകിയ മഹാപാപങ്ങളിലൊന്നാണ് പലിശ. നിരന്തര ഉദ്ബോധനങ്ങൾക്കു ശേഷവും ഇത്തരം ഇടപാടുകളുമായി മുമ്പോട്ടുപോയവരോട് അല്ലാഹു പറഞ്ഞു: ഇനിയും ബാക്കിനിൽക്കുന്ന പലിശ ഉപേക്ഷിക്കാൻ നിങ്ങൾ തയ്യാറാവുക. അല്ലാത്ത പക്ഷം നിങ്ങൾ അല്ലാഹുവോടും അവന്റെ ദൂതനോടും യുദ്ധം പ്രഖ്യാപിക്കുക. (2/279)

നബി തിരുമേനിയുടെ വിടവാങ്ങൽ പ്രസംഗത്തിൽ ഈ നിരോധത്തെ ഒന്നുകൂടി ഊന്നിപ്പറയുകയും അതിന്റെ കർമ്മ മാതൃകയായി തന്റെ പിതൃവ്യൻ അബ്ബാസ് (റ) വിന് കിട്ടാനുണ്ടായിരുന്ന പലിശ പൂർണമായി ഉപേക്ഷിച്ചതായി പ്രഖ്യാപിക്കുകയും ചെയ്തു. കേവല കുടുംബ ബന്ധത്തിലുപരി ഒരു രാഷ്ട്രത്തിന്റെ ഭരണാധികാരിയെന്ന സ്വരമാണ് ഈ പ്രഖ്യാപനം ഉൾക്കൊള്ളുന്നത്.

ലോകത്ത് വികസനത്തിന്റെയും സ്വതന്ത്ര്യത്തിന്റെയും പെരുമ്പറ മുഴക്കികടന്നുവന്ന സാമ്പത്തിക പ്രത്യയശാസ്ത്രങ്ങൾ അസ്ഥിരതയിലേക്കും തകർച്ചയിലേക്കും

വഴിമാറിയ സമയത്താണ്` ഇസ്‌ലാമിന്റെ പലിശ വിരുദ്ധ ആശയങ്ങൾ കൂടുതലായി ചർച്ചചെയ്യപ്പെട്ടുതുടങ്ങിയത്. കർമ ശാസ്ത്ര പണ്ഡിതന്മാരിലൂടെ കാലക്രമത്തിൽ വികസിച്ച പലിശവിരുദ്ധ രചനകളും ചിന്തകളും ഈ സമീപനത്തെ കേവല വാക്കുകസർത്തുകളായി പരിമിതപ്പെടുത്തുന്നതിനു പകരം ഒരു ബദൽ വ്യവസ്ഥ സ്ഥാപിക്കുന്നതിടത്തേക്ക് ഉയർത്തുകയുണ്ടായി.

ഇസ്‌ലാമിക പ്രമാണങ്ങൾ വ്യതിയാനങ്ങൾക്കു വിധേയമാകാതെ നിലനിൽക്കെത്തന്നെ ആധുനിക ലോകത്ത് ബാങ്ക് പലിശയുമായി ബന്ധപ്പെട്ട ചില അഭിപ്രായ ഭിന്നതകൾ മുസ്‌ലിം ചിന്തകർക്കിടയിൽ ഉയർന്നു വന്നിട്ടുണ്ട്. അൽ അസ്ഹർ (ഈജിപ്ത്) റക്ടറായിരുന്ന ശൈഖ് ത്വൻത്വാവി, ഡോ: ഫദ്‌ലുർറഹ്മാൻ (പാകിസ്താൻ) തുടങ്ങിയവർ ഈ ആശയത്തിന്റെ വക്താക്കളാണ്. എന്നാൽ സൂക്ഷ്മ പഠനങ്ങൾക്ക് വിധേയമാക്കുമ്പോൾ മാത്രമേ അവയുടെ അടിത്തറ എത്ര ഭദ്രമാണെന്ന് വ്യക്തമാവുകയുള്ളൂ.

**ഒടുക്കം**

പലിശ ഒരു സാമൂഹ്യ തിന്മയാണ്. ലോക ചരിത്രത്തിന്റെ തുടക്കം മുതലെ അത് അങ്ങനെയായിരുന്നു. അതുകൊണ്ട് അത് ഏതെങ്കിലും വ്യക്തിയുടെയോ, പ്രദേശത്തിന്റെയോ, മത-ദർശനങ്ങളുടെയോ ഒറ്റപ്പെട്ട വിഷയമല്ല. ഇവയെല്ലാം ഉൾച്ചേരുന്ന മൊത്തം സമൂഹത്തിന്റെ വിഷയമാണ്. പലിശ ഉയർത്തുന്ന ദൂഷിത വലയങ്ങളെക്കുറിച്ച് അത് ഉപയോഗപ്പെടുത്തുന്നവനുപോലും സംശയമുണ്ടാവാൻ ഇടമില്ല. മേൽപറഞ്ഞ ദർശനങ്ങളും പ്രത്യയ ശാസ്ത്രങ്ങളുമൊക്കെ അവയുടെ ശരിയായ വീക്ഷണത്തിൽ പലിശ വിരുദ്ധമോ പലിശയെ നിരുത്സാഹപ്പെടുത്തിയവയോ ആണ്. പലിശ വിരുദ്ധത ഒറ്റക്കൊറ്റക്ക് എല്ലാവരും ഉയർത്തിപ്പിടിക്കുന്നുവെങ്കിലും വിമർശനത്തിലെ സാമൂഹ്യ സ്വരം നഷ്ടപ്പെടുന്നു എന്നതാണ് എതിർപ്പിന്റെ ശക്തികുറക്കുന്നതും ശത്രുക്കളുടെ അജണ്ട വിജയിപ്പിക്കുന്നതും.

തന്റെ മാത്രം ശരിയെ വിശ്വസിച്ച് മറ്റുള്ളതിനു നേരെ കണ്ണടക്കുന്ന പഴയ കാലമല്ലിത്. സ്വന്തം ശരിയെ പ്രതിനിധീകരിക്കുന്നതോടൊപ്പം തന്നെ മറ്റുള്ളവരുടെ കൂടി ശരികളെ ഉൾക്കൊള്ളാനുള്ള വിശാലതയാണ് ഉത്തരാധുനികത ആഹ്വാനം ചെയ്യുന്ന ഒരു സുപ്രധാന നന്മ. ഇതിനെ ഉത്തരാധുനികതയുടെ സംഭാവനയായി ചിത്രീകരിക്കുന്നത് ഒരർഥത്തിൽ ചരിത്രത്തോടു ചെയ്യുന്ന നീതികേടാണ്. കാരണം, പൊതു തിന്മകൾക്കെതിരെ സാമൂഹിക ഐക്യപ്പെടലിന് ആഹ്വാനം ചെയ്യാത്ത ഒരു ചരിത്രദശാസന്ധിയും കടന്നുപോയിട്ടില്ല. സത്യത്തിലും നന്മയിലും പരസ്പരം സഹകരിക്കാനും പൊതു നന്മകളിൽ ഒന്നിക്കാൻ വേദക്കാരോട് ഖുർആൻ നടത്തുന്ന ആഹ്വാനവും ഇതിന്റെ തന്നെ ശക്തമായ സൂചകങ്ങളാണ്.

**കുറിപ്പുകൾ**

1) The art of Islamic banking and finance, Tools and techniques for community based banking - by Yahya Abdurahman, wiley finance, Published by John Wiley & Sons.
2) American Finance House Lariba (AFHL), Since 1987, largest Islamic Finance Company in America.
3) American drama film produced and directed by Frank Capra.
4) ഇന്ത്യൻ എക്ണോമിസ്റ്റ്, ബംഗാളിൽ 1933 ൽ ജനിച്ചു. 1998 ൽ ഇക്ണോമിക് സയൻസിൽ നെബേൽ പ്രൈസ്. ഇദ്ദേഹത്തിന്റെ കൃതികൾ 30 ഓളം ഭാഷകളിലേക്ക് തർജുമ ചെയ്യപ്പെട്ടിരക്കുന്നു.
5) اعلام الوقعين لابن القيم:۱۲۹/۲، تحقيق عبد الرحمن الوكيل طبعة دار الكتب الحديثة — القاهرة.
6) ബി.സി 8 മുതൽ 6 വരെയുള്ള നാറ്റാണ്ടുകൾ
7) പ്രാചീന ഗ്രീക്ക് ചരിത്രകാരൻ, ബി.സി 5-ാം നൂറ്റാണ്ടിൽ ജീവിച്ചു (484-425 ബി.സി) ചരിത്രത്തിന്റെ പിതാവ് (Father of History) എന്നറിയപ്പെടുന്നു.
8) Johnson paul: A history of the Jews (New York, Harper, Publishers 1987, P.No: 172-173).
9) (Budhist Jataks) ബുദ്ധ ജാതക്കൾ അഥവാ ബർമീസ് എന്നത് ബുദ്ധന്റെ മുജ്ജന്മ ജീവിതവുമായി ബന്ധപ്പെട്ട വിവരണങ്ങളുൾക്കൊള്ളുന്ന സാഹിത്യകൃതികളുടെ സമാഹാരമാണ്. ഇത് കവിത, കഥ, ധാർമ്മിക പാഠങ്ങൾ എല്ലാം ഉളൾക്കൊള്ളുന്ന സമഗ്ര കൃതികളാണ്. Encyclopedia Britanica.
10) ഇമാം ബുഖാരി ഉദ്ദരിക്കുന്നു:

عن عبد الله بن يوسف، عن مالك، عن نافع، عن أبي سعيد الخدري(ر) ان رسول الله صلعم قال: لا تبيعوا الذهب إلا مثلا بمثل ولا تبيعوا بعضها على بعض، ولا تبيعوا الورق بالورق إلا مثلا بمثل ولا تبيعوا بعضها على بعض ولا تبيعوا فيها.

(നബി(സ) പറഞ്ഞു: നിങ്ങൾ സ്വർണ്ണത്തെ സ്വർണ്ണത്തിന് വിൽക്കുമ്പോൾ തുല്യ അളവിലും റൊക്കവുമായിട്ടല്ലാതെ വിൽപ്പന നടത്തരുത്. നിങ്ങൾ വെള്ളി പരസ്പരം വിൽപന നടത്തുമ്പോഴും തുല്യ അളവിലായിരിക്കണം. അതിൽ നിന്ന് കുറച്ച് സ്വീകരിച്ച് കൊണ്ട് ബാക്കി മറ്റൊരു സമയത്തേക്ക് നീക്കിവെക്കുന്നതും ശരിയല്ല)

عن أبي سعيد الخدري وأبي هريرة رضي الله عنهما، ان رسول الله صلعم استعمل رجلا على خيبر، فجاءه بتمر جنيب، فقال: أكلّ تمر خيبر هكذا؟ قال: لا والله يا رسول الله، إنّا لنأخذ الصاع من هذا الصاعين والصاعين الثلاث. فقال: لا تفعل، مع جمع الدراهم، اتبع بالدّراهم جنيبا وقال في الميزان منك زلل — متفق عليه

11) ഒരു തിന്മയിലേക്ക് വഴിവെക്കുന്ന എല്ലാ കവാടങ്ങളെയും അടക്കുന്ന ഇസ്‌ലാമിന്റെ രീതി.
12) أخرجه مسلم وغيره عن جابر بن عبد الله (ر) قال: لعن رسول الله صلى الله عليه وسلم آكل الربا ومؤكله وكاتبه وشاهده، وقال هم سواء.
13) عن أبي هريرة(ر) قال رسول الله (ص): الربا سبعون حوبا أيسرها أن ينكح الرجل أمّه.

درهم ربا أشدّ من ستّ وثلاثين زنية — حديث مرفوع

14) മുഹമ്മദ് സയ്യിദ് ത്വൻതാവി (1928-2010) പ്രശസ്ത ഈജിപ്ഷ്യൻ പണ്ഡിതൻ, 1986-96 കാലയളവിൽ പ്രസിഡന്റ് ഹുസ്നി മുബാറക് ഈജിപ്ത് ഗ്രാന്റ് മുഫ്തിയായി നിയമിച്ചു. തുടർന്ന് അൽ അസ്ഹർ ഗ്രാന്റ് ഇമാം ആന്റ് ശൈഖ് എന്നീ സ്ഥാനങ്ങളിൽ നിയമിക്കപ്പെട്ടു. ഇത് മരണം വരെ തുടർന്നു. ■